## മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകളുടെ പ്രാധാന്യം

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും ഒതുങ്ങിക്കഴിയുന്ന വിശ്വാസികൾക്കുവേണ്ടി രൂപതകളിലും ഇടവകകളിലും വി.കുർബാന ഓൺലൈൻ വഴി സംപ്രേക്ഷണം ചെയ്തു വരികയാണല്ലോ. ഇപ്രകാരം സംപ്രേക്ഷണം ചെയ്യുന്ന വി. കുർബാനകളിൽ സഭയിലെ ചില അഭിവന്ദ്യപിതാക്കന്മാരും വൈദികരും മാർ തെയദോറിന്റെ അനാഫൊറ ഉപയോഗിക്കുന്നുണ്ട്. അതിൽ ആദ്യമായി പങ്കുചേരുന്ന വിശ്വാസികളിൽ പലരും അതേക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ച് സഭയുടെ ആരാധനക്രമകമ്മീഷനോട് ബന്ധപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒരു വിശദീകരണം നല്കാൻ ആഗ്രഹിക്കുന്നു.

ആദ്യമേതന്നെ അനാഫൊറ എന്താണെന്ന് പറഞ്ഞുകൊള്ളട്ടെ. വി.കുർബാനയിലെ അർപ്പണഭാഗത്തിനാണ് അനാഫൊറ അഥവാ കൂദാശ എന്നു പറയുന്നത്. ഈ ഗ്രീക്കു പദത്തിന്റെ അർത്ഥം ഉയർത്തൽ എന്നാണ്. ഇതിനു പകരം ലത്തീൻ റീത്തിൽ ഉപയോഗിക്കുന്ന വാക്ക് കാനൻ അഥവാ യൂക്കരിസ്റ്റിക് പ്രെയർ എന്നാണ്. എല്ലാ റീത്തുകളിലും പല അനാഫൊറകൾ ഉണ്ട്. ലത്തീൻ റീത്തിൽ ഇപ്പോൾ നാല് പ്രധാന കാനനുകളാണ് ഉള്ളത്. പൗരസ്ത്യ റീത്തുകളിൽ പൊതുവേ കൂടുതൽ അനാഫൊറകൾ ഉണ്ട്.

പൗരസ്ത്യസുറിയാനി സഭയുടെ മൂന്നു അനാഫൊറകളാണ് പരമ്പരാഗതമായി നാം ഉപയോഗിച്ചു പോന്നിരുന്നത്. നമ്മുടെ സഭ ലത്തീൻ ഭരണത്തിലായ സന്ദർഭത്തിൽ മാർ അദ്ദായി-മാർ മാറി എന്നിവരുടെ പേരിലുള്ള അനാഫൊറ മാത്രം ഉപയോഗിച്ചാൽ മതിയെന്ന് 1599–ലെ ഉദയംപേരൂർ സൂനഹദോസിൽ തീരുമാനമെടുത്തു നടപ്പിലാക്കി.

എന്നാൽ സീറോ മലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകളും പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നിർദ്ദേശിച്ചു. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘം 1962, 1969, 1983 വർഷങ്ങളിൽ ഈ രണ്ട് കൂദാശകളും പുനരുദ്ധരിച്ച് ഉപയോഗിച്ചു തുടങ്ങേണ്ടതിന്റെ ആവശ്യകത അനുസ്മരിപ്പിച്ചിരുന്നു. അതിനുശേഷം 2013 ൽ മാർ തെയദോറിന്റെയും 2018ൽ മാർ നെസ്തോറിയസിന്റെയും അനാഫൊറകൾകൂടി തർജമചെയ്ത് ഉപയോഗത്തിൽ വരുത്തുന്നതിനുള്ള കല്പന സിനഡ് പുറപ്പെടുവിച്ചു.

വിവിധങ്ങളായ അനാഫൊറകൾ ഏതെല്ലാം ആരാധനക്രമകാലങ്ങളിലും ദിവസങ്ങളിലുമാണ് ഉപയോഗിക്കേണ്ടതെന്ന് നിശ്ചയിച്ചുകൊടുക്കുന്ന രീതി എല്ലാ റീത്തുകളിലും ഉണ്ട്. പൗരസ്ത്യസുറിയാനി പാരമ്പര്യമനുസരിച്ച് മാർ തെയദോറിന്റെ അനാഫൊറ മംഗലവാർത്തകാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പടെയുള്ള ദിവസങ്ങളിലാണ് ഉപയോഗിക്കേണ്ടത്. മാർ നെസ്തോറിയസിന്റെ അനാഫൊറയാകട്ടെ ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനായുടെ വെള്ളിയാഴ്ച, ഗ്രീക്ക് സഭാപിതാക്കന്മാരുടെ ഓർമ്മ, മൂന്നുനോമ്പിന്റെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച എന്നീ അഞ്ച് പ്രധാന ദിനങ്ങളിലാണ് ഉപയോഗിക്കേണ്ടത്. ഉയിർപ്പുതിരുനാൾ മുതൽ പള്ളിക്കൂദാശക്കാലംവരെ മാർ അദ്ദായി-മാർ മാറിയുടെ അനാഫൊറയും ഉപയോഗിക്കുന്നു.

മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ മാർ അദ്ദായി-മാർ മാറിയുടെ അനാഫൊറയെക്കാൾ ദൈർഘ്യമുള്ളതായതുകൊണ്ട് അവ ഉപയോഗിക്കുവാൻ

വൈമുഖ്യം കാണിക്കുന്നവരുണ്ട്. അവരുടെ വിമുഖതയ്ക്ക് പരിഹാരമായിട്ടാണ് ഈ രണ്ട് അനാഫൊറകളിലെയും ചില പ്രാർഥനാഭാഗങ്ങൾ ഐച്ഛികമായി ചേർത്തിരിക്കുന്നത്. ഐച്ഛികങ്ങൾ ഒഴിവാക്കി ചൊല്ലിയാൽ മാർ അദ്ദായി-മാർ മാറിയുടെ അനാഫൊറ ഉപയോഗിക്കുമ്പോൾ എടുക്കുന്ന സമയത്തെക്കാൾ അധികം സമയം വേണ്ടിവരികയില്ല. അതിനാൽ ഐച്ഛികങ്ങൾ ഉപയോഗിച്ചെങ്കിലും ഈ രണ്ട് അനാഫൊറകളും പരാമ്പരാഗതമായി നിർദേശിക്കപ്പെട്ടിരിക്കുന്ന കാലങ്ങളിലും ദിവസങ്ങളിലും ഉപയോഗിക്കുന്നതാണ് ഉത്തമം.

മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ അംഗീകരിച്ച് കല്പന പുറപ്പെടുവിച്ച സന്ദർഭത്തിൽ അവ നിർബന്ധപൂർവം ഉപയോഗിക്കണമെന്ന് പറയുന്നതിനെക്കാൾ അവയുടെ ഉപയോഗം സിനഡ് ശിപാർശ ചെയ്യുന്നുവെന്നാണ് തീരുമാനമെടുത്തത്. ശിപാർശ ചെയ്തിട്ടല്ലേ ഉള്ളൂവെന്ന് കരുതി അവ ഉപയോഗിക്കാത്തവരും അവയുടെ രക്ഷാകരമൂല്യം മനസ്സിലാക്കി അവ ഉപയോഗിക്കുന്നവരും ഇന്ന് സീറോമലബാർ സഭയിലുണ്ട്. സാവകാശം ഈ മൂന്നു അനാഫൊറകളും ഉപയോഗിക്കുന്ന രീതി നടപ്പിലാക്കുവാൻ അഭിവന്ദ്യപിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായവിശ്വാസികളും ഒത്തൊരുമിച്ച് പരിശ്രമിക്കുകയാണ് വേണ്ടത്.

മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകളുടെ നന്മയെക്കുറിച്ച്കൂടി പറഞ്ഞുകൊള്ളട്ടെ. ആറാം നൂറ്റാണ്ടിൽ വിരചിതമായ ഈ രണ്ടു അനാഫൊറകളും മിശിഹാരഹസ്യത്തെ സമ്യക്കും സമ്പുഷ്ടവുമായി അവതരിപ്പിക്കുന്ന കൂദാശക്രമങ്ങളാണ്. അവ ഭക്തിപൂർവം ചൊല്ലി കുർബാന അർപ്പിക്കുമ്പോൾ മാത്രമേ, അവയുടെ നന്മ നമുക്ക് മനസ്സിലാകുകയുള്ളൂ. ഈ രണ്ടുക്രമങ്ങളും പുനരുദ്ധരിച്ച് സിനഡ് അംഗീകരിച്ച സന്ദർഭത്തിൽ കാലോചിതമായ മാറ്റങ്ങളും നവീകരണങ്ങളും വരുത്തിയാണ് സഭയിലെ ഉപയോഗത്തിനായി നല്കിയത്. ആരാധനാസമൂഹത്തിന്റെ വിശ്വാസപരമായ അനുഭവത്തിന് സമഗ്രത നല്കുവാൻ സഹായിക്കുന്നവയാണ് ഈ രണ്ട് അനാഫൊറകളും. അതിനാൽ ഇവയുടെ ഉപയോഗംവഴി ദൈവജനത്തിന് വിശ്വാസവളർച്ച ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്.

ഇപ്പോഴത്തെ പ്രത്യേകസാഹചര്യത്തിൽ, സംപ്രേഷണം ചെയ്യുന്ന വി. കുർബാനകളിൽ ആരാധനക്രമകാലമനുസരിച്ച് നിർദേശിക്കപ്പെട്ടിരിക്കുന്ന മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറ പ്രാർഥനകളിൽ സജീവമായി പങ്കുചേർന്ന് നമ്മുടെ ബലിയർപ്പണം അനുഭവപരമാക്കിത്തീർക്കുവാൻ എവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ആരാധനക്രമകമ്മീഷൻ
സീറോമലബാർ സഭ
4 ഏപ്രിൽ 2020.

N.B. നേരത്തെ പ്രസിദ്ധീകരിച്ചതിനേക്കാൾ കൂടുതൽ കൃത്യതയോടെയുള്ള വിശദീകരണക്കുറിപ്പ്.